കമ്പനിയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള എൻ.എ.ബി.എൽ. അക്രഡിറ്റ് ലബോറട്ടറി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പംതന്നെ ബീറ്റാലാക്കം കത്തിവെയ്പ്പ് മരുന്നുകളുടെ ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

സ്വകാര്യ-സ്വാശ്രയ കോളേജുകൾ

29 (*89) ശ്രീ. സാജു പോൾ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ 14 സ്വകാര്യ-സ്വാശ്രയ കോളേജുകളെ പ്രവേശന പരീക്ഷാ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത് പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിലാണോ വിശദമാക്കാമോ ;

(സി) കഴിഞ്ഞ അക്കാദമിക് വർഷം ഏകപക്ഷീയമായി പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് കോളേജ് മാനേജുമെന്റ് അസോസിയേഷനുകീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കോളേജുകളുടെ സമ്മതത്തോടെയാണോ; എങ്കിൽ പ്രസ്തുത കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നത് ഏതെങ്കിലും വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണോ ;

(ഡി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജുമെന്റ് അസോസിയേഷനുകീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി: (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്. 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജുമെന്റ് ഫെഡറേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള 4 മെഡിക്കൽ കോളേജുകളും, 1 ഡന്റൽ കോളേജും ഉൾപ്പെടെ 5 കോളേജുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റു സ്വാശ്രയ കോളേജ് മാനേജുമെന്റുകളുമായി കരാറിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അല്ല. 2014-15 അദ്ധ്യായന വർഷത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിട്ടുള്ള കോളേജുകളുടെ പട്ടികയാണ് 2015-ലെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി&ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ 2014-15 അക്കാദമിക് വർഷം അലോട്ട്മെന്റ് നടത്തിയിട്ടുള്ള കോളേജുകളെയാണ് 2015 വർഷത്തെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

30 (*90) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്കുവേണ്ടി പ്രയോജന പ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണ്, വിശദാംശങ്ങൾ നൽകുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുവാനുള്ള സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly